**കേരള സർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
**Email: ceekinfo.cee@kerala.gov.in**
**Phone : 0471 2525300**

**പത്രക്കുറിപ്പ്**

**കീം 2024**

**മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം-2024**
**എൻ.ആർ.ഐ. രേഖകൾ, ഫോട്ടോ, ഒപ്പ്, നേറ്റിവിറ്റി, നാഷണാലിറ്റി എന്നിവയിലെ**
**അപാകതകൾ പരിഹരിക്കുന്നതിനുള്ള അവസാന അവസരം**

കീം-2024 മുഖേന എം.ബി.ബി.എസ്/ബി.ഡി.എസ്. കോഴ്സുകളിലേയ്ക്ക് അപേക്ഷ സമർപ്പിക്കുകയും സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ എൻ.ആർ.ഐ. ക്വാട്ടാ സീറ്റുകളിലേയ്ക്ക് പ്രവേശനത്തിന് അർഹത നേടുന്നതിന് ആവശ്യമായ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുകയും ചെയ്ത വിദ്യാർത്ഥികളിൽ അപേക്ഷയോടൊപ്പം സമർപ്പിച്ച എൻ.ആർ.ഐ. സർട്ടിഫിക്കറ്റുകളിലെ അപാകതകൾ പരിഹരിക്കുന്നതിന് അവസാനമായി ഒരു അവസരം കൂടി നൽകുന്നു. നിശ്ചിത സമയത്തിനകം എൻ.ആർ.ഐ രേഖകളിലെ അപാകതകൾ പരിഹരിക്കാത്ത പക്ഷം എൻ.ആർ.ഐ ക്യാറ്റഗറിയിലേക്കുള്ള അലോട്ടുമെന്റിൽനിന്നും ഒഴിവാകുന്നതാണ്.

2024-25 അധ്യയന വർഷത്തെ കേരള മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി ഓൺലൈനായി അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികളിൽ അപേക്ഷയോടൊപ്പം സമർപ്പിച്ച ഫോട്ടോ, ഒപ്പ്, നേറ്റിവിറ്റി, പത്താം ക്ലാസ്സ് സർട്ടിഫിക്കറ്റ്, നാഷണാലിറ്റി, അപേക്ഷാ ഫീസ് എന്നിവയിൽ ന്യൂനതകൾ ഉണ്ടായിരുന്നവർ നിശ്ചിത സമയത്തിനകം ആയത് പരിഹരിക്കാത്തതിനാൽ അവരുടെ സാമുദായിക, പ്രത്യേക സംവരണാനുകൂല്യങ്ങൾ റദ്ദായിരിക്കുന്നു. എന്നിരുന്നാലും റാങ്ക് തടഞ്ഞുവയ്ക്കുന്നത് ഒഴിവാക്കാനായി മേൽ അപാകതകൾ

പരിഹരിക്കുന്നതിനും അപേക്ഷാ ഫീസ് ഒടുക്കുവാനുണ്ടെങ്കിൽ അവ ഒടുക്കുന്നതിനും അവസാനമായി അവസരം നൽകുന്നു.

മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കുന്നതിനുള്ള അവസാന തീയതി **13.08.2024, 11.59 PM** ആണ്. വിശദവിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ വിജ്ഞാപനം കാണുക.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signed by
Sudhir K
Date: 09-08-2024 20:40:11

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം

**09-08-2024**